**റിപ്പബ്ലിക് ഓഫ് യമെനിലെ ഡെപ്യൂട്ടി പ്രധാനമന്ത്രി - വിദേശകാര്യ മന്ത്രി ഔദ്യോഗികമായി ഇന്ത്യ സന്ദർശിക്കുന്നു (ജൂലൈ 10 -13, 2017 )**

ജൂലൈ 07, 2017

കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജിന്റെ ക്ഷണം സ്വീകരിച്ച് റിപ്പബ്ലിക് ഓഫ് യമെനിലെ ഡെപ്യൂട്ടി പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ശ്രീ അബ്ദുല്മാലിക് അബ്ദുല്ജലീല് അല്-മഖ്ലാഫി ഔദ്യോഗിക സന്ദർശനത്തിന് ജുലൈ 10-13, 2017 ല് ഇന്ത്യയിലെത്തും .

ഇതിനു മുന്പ് ഇന്ത്യയിലേക്ക് യമെന് വിദേശകാര്യ മന്ത്രി നടത്തിയ സന്ദർശനം 2012 ല് പന്ത്രണ്ടാമത് ഐഐആർഎആർസി മന്ത്രിതല യോഗത്തില് പങ്കെടുക്കുവാന് ഡോ. അബു ബക്കർ അല് -ഖിർബിയുടേതായിരുന്നു .

വളരെ ശക്തമായ രീതിയില് ജനങ്ങള് തമ്മിലുള്ള ബന്ധത്തില് അടിസ്ഥാനമാക്കിയുള്ള സൌഹൃദവും അടുപ്പവുമാണ് ഇന്ത്യയും യമെനും പങ്കു വയ്ക്കുന്നത് , ഇന്ത്യയില് കഴിയുന്ന ഏകദേശം 300, 000 യമന് വംശജരായ ഇന്ത്യക്കാരിലും ഏഡനിലും തെക്കന് യമെനിലെ മറ്റു ഭാഗങ്ങളിലും വസിക്കുന്ന ഏകദേശം 100, 000 ഇന്ത്യന് വംശജരിലും ഈ അടുപ്പം പ്രതിഫലിക്കുന്നു .

യമെനെ സംബന്ധിച്ചിടത്തോളം പരമ്പരാഗതമായി വളരെ പ്രമുഖമായ വ്യാപാര പങ്കാളിയാണ് ഇന്ത്യ, അതോടൊപ്പം സെല്ഫ് ഫിനാന്സിംഗ് അടിസ്ഥാനത്തില് ഉന്നത വിദ്യാഭ്യാസത്തിനു ചേരുവാന് ആഗ്രഹിക്കുന്ന യമെനിലെ വിദ്യാർഥികളുടെയും ആരോഗ്യ ചികിത്സാ സംബന്ധമായ കാര്യങ്ങള്ക്ക് യമെനിലെ രോഗികളുടെയും പ്രിയപ്പെട്ട സ്ഥലവുമാണ് ഇന്ത്യ. ഐടിഇസി പദ്ധതിയുടെയും ഐസിസിആർ സ്കോളർഷിപ്പ് പദ്ധതിയുടെയും കീഴില് ഇന്ത്യയുടെ കാര്യശേഷി -നിർമാണ സഹായം യമെനിലെ ജനങ്ങള് വളരെയധികം അഭിനന്ദിച്ചതാണ് . ''യമെന്റെ സുഹൃത്തുക്കള്'' എന്ന സംഘത്തില് ഇന്ത്യയും ഒരംഗം ആണ്, പോയ കാലങ്ങളില് യമെനു മനുഷ്യത്വപരമായ സഹായങ്ങള് നിരന്തരം ഇന്ത്യ ചെയ്യാറുമുണ്ട്

ഐക്യരാഷ്ട്ര സഭ പരിഷ്കാരങ്ങള്, അന്താരാഷ്ട്ര തീവ്രവാദത്തെ ചെറുക്കല് പോലെയുള്ള പ്രധാന അന്താരാഷ്ട്ര വിഷയങ്ങളില് ഇരു രാജ്യങ്ങളും പൊതുവായ കാഴ്ചപ്പാടുകള് പങ്കു വയ്ക്കാറുണ്ട്. വരാനിരിക്കുന്ന സന്ദർശനത്തില് ഇരു വിഭാഗവും ഉഭയകക്ഷി ബന്ധങ്ങള് പൂർണമായും അതോടൊപ്പം പരസ്പരം താത്പര്യമുള്ള മേഖലാ ആഗോള വിഷയങ്ങളും അവലോകനം ചെയ്യും

ന്യൂഡല്‍ഹി
7 ജൂലൈ , 2017